LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. ആ സെസ്സ് മലിനീകരണ വിമുക്തമാക്കി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള വരുമാനത്തിന്റെ ഭാഗമായി പൊലൂഷൻ കൺട്രോൾ ആക്ടിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സെസ്സ് ആണ്. അത് ഒരു കിലോ ലിറ്ററിന് 5 പൈസ മുതൽ 30 പൈസ വരെ ഈടാക്കുന്നതാണ്. എന്നാൽ ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം ഈടാക്കുന്ന വാട്ടർ സെസ്സ് ഈ സംസ്ഥാനത്തിന്റെ വരുമാനമാണ്. ജലവിഭവ മേഖലയിൽ സംസ്ഥാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഇൻഫ്രാസ്ട്രക്ച്ചർ നിക്ഷേപങ്ങൾക്ക് വഴിയൊരുക്കുന്നതിനും അനധികൃതവും അനാവശ്യവുമായിട്ടുള്ള ജലചൂഷണത്തിനും ദുർവിനിയോഗത്തിനും ഒരു പരിധിവരെ തടയുന്നതിനും പ്രസ്തുത നിയമവും അതിനുശേഷമുള്ള ഉത്തരവുകളും ആവശ്യമാണ്. അതിന്റെ പശ്ചാത്തലത്തിലാണ് പുതുക്കിയ നിരക്കുകൾ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനെ സംബന്ധിച്ചുള്ള പരാതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് അദാലത്ത് രൂപത്തിൽ പരിഹാരത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

8. വടകര-മാഹി കനാൽ പണിയുടെ പൂർത്തീകരണം

ശ്രീ. എം. കെ. പ്രേംനാഥ്: സർ, വടകര-മാഹി കനാൽ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഞാനിവിടെ അവതരിപ്പിക്കുന്നത്. ജലസേചനത്തിനും വാട്ടർ ട്രാൻസ്പോർട്ട് എന്ന നിലയിലും വളരെയധികം സഹായകമായ ഈ കനാൽ വടകര, നാദാപുരം, മേപ്പയൂർ, പെരിങ്ങളം എന്നീ ഭാഗങ്ങളിലെ ജലസേചന പദ്ധതിക്കും വളരെ സഹായകരമാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തിന്റെ കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു റീച്ചാണ്. വടകര-മാഹി കനാൽ. 1957-ൽ ഇതിന് സാദ്ധ്യതാപഠനം തുടങ്ങി; 1959-ൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതാണ്. 1985-ൽ 17.4 കിലോമീറ്റർ നീളത്തിൽ കനാൽ നിർമ്മിക്കുന്നതിനുവേണ്ട ഭൂമി സർക്കാർ ഏറ്റെടുക്കുകയും അതേവർഷം തന്നെ വിവിധ ഭാഗങ്ങളിലായി ഉത്ഖനനം തുടങ്ങുകയും ചെയ്തു. 1997 ജൂൺ മാസത്തോടുകൂടി ഇന്ത്യാ ഗവൺമെന്റ് ഫണ്ട് നിർത്തലാക്കിയതിനെത്തുടർന്ന് ഫണ്ടിന്റെ ലഭ്യതയില്ലാത്തതിനാൽ പണികൾ സ്തംഭനാവസ്ഥയിലാണ്. നിലവിൽ വടകര-മാഹി കനാലിന്റെ നിർമ്മാണത്തിനുവേണ്ടി 2009-ലെ നിരക്ക് പ്രകാരം 165 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കുവേണ്ടി 25-3-2010-ൽ സർക്കാരിന് ലഭിച്ചിരുന്നു. 1-4-2007 മുതൽ ഉൾനാടൻ ജലഗതാഗതത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് കേന്ദ്രത്തിൽ നിന്ന് ലഭിക്കുകയുണ്ടായി, എന്നാൽ ആ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 165 കോടി രൂപയുടെ ഈ പദ്ധതി ഏറ്റെടുക്കാൻ ധനലഭ്യത ഇല്ലാത്തതിനാൽ അത് ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അതുകൊണ്ട് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്താൻ നിവൃത്തിയില്ല. കാരണം ആ ഒരൊറ്റ കനാൽ മാത്രമേ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് വടകര-മാഹി കനാലിന്റെ നിർമ്മാണ പ്രവർത്തനം കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലഭ്യമാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.